بسم الله الرحمن الرحيم

അബുദർദ്ദാഅ് നബി (സ്വ) യോട് ചോദിച്ചു:

عن أبي الدرداء :قُلْتُ يا رسولَ اللهِ دُلَّني على عملٍ يُدخِلُني الجنَّةَ قال رسولُ اللهِ ﷺ لا تغضَبْ ولك الجنَّةُ (السيوطي)

അല്ലാഹുവിന്റെ പ്രവാചകരെ, സ്വർഗത്തിലേക്ക് പ്രവേശനം ലഭിക്കുന്ന ഒരു കർമ്മത്തെ എനിക്ക് അറിയിച്ചു തന്നാലും. അപ്പോൾ നബി (സ്വ) പറഞ്ഞു: നീ കോപിക്കരുത്. എങ്കിൽ നിനക്ക് സ്വർഗമുണ്ട്. (സുയൂത്വി)

ഈ ഹദീസിൽ നിന്നും കോപം എത്ര മാത്രം സ്വർഗത്തിന് തടസ്സമാണെന്ന് മനസ്സിലാക്കാം.

**മറ്റൊരിക്കൽ അബ്ദുല്ലാഹിബ്നു അംറ് (റ) നബിയോട് ചോദിച്ചു;**

عن عبدالله بن عمرو: أنَّه سأل رسولَ اللهِ ﷺ ما يُباعدُني من غضبِ اللهِ عزَّ وجلَّ قال لا تغضَبْ (الترغيب والترهيب)

അല്ലാഹുവിന്റെ കോപത്തിൽ നിന്നും അകറ്റുന്ന കാര്യം അറിയിച്ചു തന്നാലും. നബി (സ്വ) പറഞ്ഞു: കോപിക്കരുത്. (അത്തർഗീബു വത്തർഹീബ്)

- ഒറ്റവാക്കിലൂടെയാണ് മറുപടിയെങ്കിലും പ്രാവർത്തികമാക്കാനാണ് പ്രയാസം.
- നമ്മളിൽ ചിലർ അഭിമാനത്തോടെയും മറ്റു ചിലർ പോരായ്മയായും പറയും. ഞാൻ ദേഷ്യക്കാരനാണ് എന്ന്.!
- ന്യായമായി ചിലർ പറയും. ഇങ്ങോട്ട് ദേഷ്യപ്പെട്ടാൽ അങ്ങോട്ട് എങ്ങനെ ദേഷ്യപ്പെടാതിരിക്കും?

**ഇവിടെയാണ് ഈ ആയത്തിന്റെ പ്രസക്തി.**

وَلا تَسْتَوِي الْحَسَنَةُ وَلا السَّيِّئَةُادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ (فصلت: ٣٤)

**ആ മഹാഭാഗ്യവാന്മാരിൽ ഉൾപ്പെടണമെങ്കിൽ**

وَمَا يُلَقَّاهَا إِلا الَّذِينَ صَبَرُوا وَمَا يُلَقَّاهَا إِلا ذُو حَظٍّ عَظِيمٍ (فصلت: ٣٥)

- സൂറത്തു ആലു ഇംറാനിൽ മുത്തഖീങ്ങളുടെ സ്വഭാവം പറയുന്നിടത്ത് കാണാം.

ٱلَّذِينَ يُنفِقُونَ فِى ٱلسَّرَّاءِ وَٱلضَّرَّاءِ وَٱلْكَـٰظِمِينَ ٱلغَيظَ وَٱلعَافِينَ عَنِ ٱلنَّاسِ وَٱللَّهُ يُحِبُّ ٱلمُحسِنِينَ (آل عمران: ١٣٤)

- കോപിക്കാത്തവർ എന്നു പറയാതെ കോപത്തെ അടക്കി വെക്കുന്നവർ എന്ന പ്രയോഗം ശ്രദ്ധേയമാണ്.

**കോപമുണ്ടാകുമ്പോൾ സലഫുകൾ ചെയ്തിരുന്നത്**

അലിയ്യ് ബ്നു ഹുസൈൻ (റഹി) അദ്ദേഹത്തിന്റെ ഒരു പരിചാരികപ്പെൺകുട്ടി ഒരിക്കൽ അദ്ദേഹത്തിന് വെള്ളം ഒഴിച്ചു കൊടുക്കുകയായിരുന്നു , പെട്ടെന്ന് അവളുടെ കയ്യിൽ നിന്ന് വെള്ളപ്പാത്രം വഴുതി അദ്ദേഹത്തിന്റെ മുഖത്തേക്ക് വീണു, മുഖത്ത് പരിക്കേറ്റു, അദ്ദേഹം തലയുയർത്തി അവളെയൊന്ന് നോക്കിയപ്പോൾ അവൾ പറഞ്ഞു, അല്ലാഹു പറയുന്നുണ്ട് { والكَاظِمِينَ الغَيْظَ } [ ദേഷ്യം ഒതുക്കി വെക്കുന്നവരും] അലിയ്യ് ബ്നു ഹുസൈൻ : قَدْ كَظَمْتُ غَيْظِي ഞാനിതാ ദേഷ്യം ഒതുക്കി പരിചാരിക : { وَالعافِينَ عَنِ النَّاسِ } [ജനങ്ങളോട് പൊറുക്കുന്നവരും] അലിയ്യ് ബ്നു ഹുസൈൻ : قَدْ عَفَوْتُ عَنكِ തീർച്ചയായും ഞാൻ നിന്നോട് പൊറുത്തിരിക്കുന്നു. പരിചാരിക : { وَاللهُ يُحِبُّ الْمُحْسِنِينَ } [ അല്ലാഹു സദ് വൃത്തരെ ഇഷ്ടപ്പെടുന്നു] [آل عمران : ١٣٤] ഹുസൈൻ ബ്നു അലി : "اِذْهَبِي فَأنتِ حُرَّةٌ لِوَجْهِ اللَّهِ". "നീ പോയ്ക്കോളൂ, അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി നീ സ്വതന്ത്രയാണ് "

- **കോപിക്കുന്നവന്റെ സമീപത്ത് മലക്കു നിൽക്കുകയില്ല**

ന്യായമായ കാരണം ആണെങ്കിൽ പോലും...

അവന്റെ മനസ്സിൽ പിശാച് തീ കത്തിച്ചു കൊണ്ടിരിക്കും. ഒരു ചരിത്രം നോക്കൂ...

عن أبي هريرة :أنَّ رَجُلًا شتَمَ أبا بَكرٍ والنبيُّ ﷺ جالِسٌ، فجعَلَ النبيُّ ﷺ يَعجَبُ ويَتبَسَّمُ، فلمّا أكثَرَ ردَّ عليه بعضَ قولِه، فغَضِبَ النبيُّ ﷺ وقامَ، فلحِقَه أبو بَكرٍ، فقال: يا رَسولَ اللهِ، كان يَشتِمُني وأنتَ جالِسٌ، فلمّا رَدَدْتُ عليه بعضَ قولِه: غضِبْتَ وقُمْتَ، قال: إنَّه كان معَكَ مَلَكٌ يَرُدُّ عنكَ، فلمّا رَدَدْتَ عليه بعضَ قولِه، وقَعَ الشيطانُ، فلم أكُنْ لأَقعُدَ معَ الشيطانِ،

അബൂഹുറൈറ (റ) യിൽ നിന്നും നിവേദനം: ഒരാൾ അബൂബക്കർ (റ) വിനെ ചീത്ത വിളിച്ചു. അപ്പോൾ നബി (സ്വ) അവിടെ ഇരിക്കുകയായിരുന്നു. അദ്ദേഹം (നബി) അത്ഭുതപ്പെടുകയും പുഞ്ചിരിക്കുകയും ചെയ്തു. അയാൾ കൂടുതലായി ചീത്തപറയാൻ തുടങ്ങിയപ്പോൾ അബൂബക്കർ (റ) ചില വാക്കുകൾ കൊണ്ട് മറുപടി പറഞ്ഞു: അപ്പോൾ നബി (സ്വ) കോപിക്കുകയും എഴുന്നേൽക്കുകയും ചെയ്തു. അബൂബക്കർ (റ) അദ്ദേഹത്തെ കണ്ടു. എന്നിട്ട് പറഞ്ഞു: നബിയെ, എന്നെ അയാൾ ചീത്ത വിളിക്കുമ്പോൾ താങ്കൾ അവിടെ ഇരിക്കുകയായിരുന്നു. ഞാൻ കുറച്ചു മറുപടി പറഞ്ഞപ്പോൾ താങ്കൾ കോപിക്കുകയും എഴുന്നേൽക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: താങ്കൾക്ക് വേണ്ടി മറുപടി പറയുന്ന ഒരു മലക്ക് താങ്കളുടെ കൂടെ ഉണ്ടായിരുന്നു. താങ്കൾ മറുപടി പറഞ്ഞപ്പോൾ അവിടേക്ക് പിശാച് പ്രവേശിച്ചു. ഞാൻ പിശാചിന്റെ കൂടെ ഇരിക്കുകയില്ല.

**ഇവിടെ നബി (സ്വ) പിശാചിനെ കണ്ടു. മലക്കുകൾ മാറി നിൽക്കുന്നത് കണ്ടു.**

ശേഷം നബി (സ്വ) പറഞ്ഞത്

ثم قال: يا أبا بَكرٍ، ثلاثٌ كلُّهُنَّ حقٌّ: ما من عبدٍ ظُلِمَ بمَظلِمةٍ فيُغْضي عنها للهِ عزَّ وجلَّ إلّا أعزَّ اللهُ بها نَصرَه، وما فتَحَ رَجلٌ بابَ عَطيَّةٍ يُريدُ بها صِلةً إلّا زادَهُ اللهُ بها كَثرةً، وما فتَحَ رَجلٌ بابَ مَسأَلةٍ يُريدُ بها كَثرةً إلّا زادَهُ اللهُ عزَّ وجلَّ بها قِلَّةً.

അബൂബക്കറെ, മൂന്ന കാര്യങ്ങൾ സത്യമാണ്. ഏതെങ്കിലും കാര്യത്തിൽ ഒരു അടിമ ദ്രോഹിക്കപ്പെട്ടാൽ അവൻ അല്ലാഹുവിന്റെ പൊരുത്തം ആഗ്രഹിച്ച് അതിനോടുള്ള ദേഷ്യം അടക്കുകയും ചെയ്താൽ അല്ലാഹു അവന് സഹായം നൽകി അവനെ ശക്തിപ്പെടുത്തും. ഏതൊരാൾ ദാനത്തിന്റെ വാതിൽ കുടുംബ ബന്ധം ചേർക്കാൻ ആഗ്രഹിച്ചു കൊണ്ട് തുറക്കുന്നവോ അവന് അല്ലാഹു വർദ്ധനവ് നൽകും. യാചനനയുടെ വാതിൽ സമ്പത്തിന്റെ വർദ്ധനവ് ആഗ്രഹിച്ച് ആരെങ്കിലും തുറന്നാൽ അല്ലാഹു അവന് സാമ്പത്തിക മാന്ദ്യമല്ലാതെ നൽകുകയില്ല.

**ഈ സംഭവത്തിൽ നമ്മുടെ ന്യായങ്ങൾക്കുള്ള മറുപടിയുണ്ട്.**

**അറിയുക**

- നമ്മുടെ കോപം പിശാചിന്റെ സന്തോഷ വേളയാണ്.
- നാം സ്വയം കോപാവസ്ഥയിൽ ആകാതിരിക്കുക
- പ്രത്യേകിച്ച് ഫോൺ ചെയ്യുമ്പോൾ...
- തന്നെ ദ്രോഹിച്ചവരോട്, തന്റെ അഭിമാനം വ്രണപ്പെടുത്തിയവരോട് നബി (സ്വ) കോപിച്ചിട്ടില്ല.
- കോപിച്ചതാവട്ടെ മതപരമായ വിഷയത്തിലും

عن أبي ذر الغفاري :أفضَلُ الأعمالِ الحُبُّ في اللهِ، والبُغْضُ في اللهِ (سنن أبي داود )

അബുദർ അൽ ഗിഫാരി (റ) വിൽ നിന്നും നിവേദനം; ഏറ്റവും ശ്രേഷ്ഠമായ കർമ്മം അല്ലാഹുവിന്റെ പേരിലുള്ള സ്നേഹവും അവന്റെ പേരിലുള്ള കോപവുമാണ് .

❖ **മോഷ്ടിച്ച ഒരു സ്ത്രീക്ക് വേണ്ടി ശുപാർശയുമായി വന്ന ചരിത്രം.**

മോഷ്ടിച്ച സ്ത്രീയുടെ കൈ വെട്ടാൻ വിധിച്ചപ്പോൾ ആ വിധിയിൽ ഇളവ് ലഭിക്കുമോ എന്ന് അന്വേഷിച്ചു വന്നവരോട് നബി (സ്വ) കോപിക്കുകയുണ്ടായി.

❖ **നബി (സ്വ) യോട് ഉപദേശം ചോദിച്ച വ്യക്തി.**

عن أبي هريرة :أنَّ رَجُلًا قالَ للنبيِّ ﷺ: أوْصِنِي، قالَ :لا تَغْضَبْ فَرَدَّدَ مِرارًا، قالَ :لا تَغْضَبْ. (بخاري)

കാരണം അത്രയേറെ ദുരന്തം കോപം ഒരാളുടെ ജീവിതത്തിൽഉണ്ടാക്കും

◆ **കോപം വഴി സംഭവിക്കുന്നത്**

1. **കോപം മനസ്സിന് സമ്മാനിക്കുന്നത്.**

فَالحِقْدُ عَلَى المَغْضُوبِ عَلَيْهِ وَحَسَدُهُ، وَإِظْهَارُ الشَّمَاتَةِ بِمَسَاءَتِهِ، وَالحَزَنُ بِسُرورِهِ، وَالعَزْمُ عَلَى إِفْشَاءِ سِرِّهِ وَهَتْكُ سُتْرِهِ وَالاِسْتِهْزاءُ بِهِ وَغَيْرُ ذَلِكَ مِنَ القَبَائِحِ

കോപത്തിന്നിരയായവനോട് പകയും അസൂയയുമുണ്ടാവുക, അവന്റെ വിഷമാവസ്ഥകളിൽ സന്തോഷം പ്രകടിപ്പിക്കുക, അവന്റെ സന്തോഷങ്ങളിൽ ദുഃഖിക്കുക, അവന്റെ രഹസ്യം പ്രചരിപ്പിക്കാനും അവന്റെ ദൂഷ്യങ്ങൾ പരസ്യമാക്കാനും തീരുമാനിച്ചുറക്കുക, അവനെ പരിഹസിക്കുകയും അത് പോലുള്ള ദുഷിച്ച പ്രവർത്തനങ്ങളും ചെയ്യുക,

**2. കോപം നാവിന് സമ്മാനിക്കുന്നത്.**

ومن آثار الغضب على اللسان :السب، والشتم، والفحش في القول، والشماتة، والاستهزاء، والغيبة، وإفشاء السر، وهتك الستر عن المغضوب عليه.

ചീത്ത വിളിക്കൽ ,മോശമായ വാക്ക് പറയൽ...

**മൈമൂൻ ഇബ്നു മിഹ്റാൻ (റഹി) പറഞ്ഞു:**

جَاءَ رَجُلٌ إِلَى سَلْمَانَ، فَقَالَ: يَا أَبَا عَبْدِ اللهِأَوْصِنِي، قَالَ: لَا تَغْضَبْ، قَالَ: أَمَرْتَنِي أَنْ لاَ أَغْضَبَ وَإِنَّهُ لَيَغْشَانِي مَا لَا أَمْلِكُ، قَالَ: فَإِنْ غضِبْتَ، فَامْلِكْ لِسَانَكَ وَيَدَكَ

അദ്ദേഹം പറയുന്നു: ഒരാൾ സൽമാനുൽ ഫാരിസി (റ) യുടെ അടുത്ത് വന്നിട്ട് പറഞ്ഞു: ഹേ, അബൂ അബ്ദില്ലാ, എന്നെ താങ്കൾ ഉപദേശിച്ചാലും, അദ്ദേഹം പറഞ്ഞു: കോപിക്കരുത് അപ്പോൾ അയാൾ പറഞ്ഞു "താങ്കളെന്നോട് കോപിക്കരുതെന്ന് പറയുന്നു, പക്ഷെ കോപം എന്നെ വല്ലാതെ ഗ്രസിച്ച് കൊണ്ടേയിരിക്കുന്നു. എനിക്കെന്നെ നിയന്ത്രിക്കാനാവുന്നില്ല. അപ്പോൾ സൽമാൻ (റ) പറഞ്ഞു: താങ്കൾക്ക് ദേഷ്യം പിടിച്ചാൽ നാവിനെയും കൈകളേയും നിയന്ത്രിക്കുക.

**3. ശാരീരികമായി ഉണ്ടാക്കുന്ന അപകടങ്ങൾ**

ومن آثار الغضب على الجوارح :الضرب، والقتل، والتعذيب،

അടി, കൊലപാതകങ്ങൾ, ശിക്ഷ,

**4. സമൂഹത്തിൽ ഉണ്ടാക്കുന്ന അപകടങ്ങൾ**

ومن آثار الغضب على المجتمع :الخصام والنزاع، والعداوة والبغضاء بين الناس؛

തർക്കം, വഴക്ക്, ശത്രുത....

**ഇതു തന്നെയാണ് പിശാചിന്റെ ലക്ഷ്യം.**

**മദ്യവും ചൂതാട്ടവും വഴി പിശാച് ആഗ്രഹിക്കുന്നത്**

إِنَّمَا يُرِيدُ الشَّيْطَانُ أَنْ يُوقِعَ بَيْنَكُمُ الْعَدَاوَةَ وَالْبَغْضَاءَ فِي الْخَمْرِ وَالْمَيْسِرِ (المائدة: ٩١)

- കോപം ശക്തമായ മിന്നലുകളാണ് . അത് നമ്മുടെ മനസ്സിനെയും ശരീരത്തെയും ദുർബലമാക്കുന്നു. അത് നമ്മുടെ ഊർജ്ജത്തെ കരിച്ചു കളയുന്നു.

◆ **കോപം അടക്കി വെക്കുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങൾ...**

- **മുകളിൽ വിശദീകരിച്ച എല്ലാ അപകടങ്ങളിൽ നിന്നും രക്ഷപ്പെടാം.**
- **അല്ലാഹു അത്തരക്കാരെ പേരെടുത്ത് ക്ഷണിച്ച് പ്രശംസിക്കും.**

عن معاذ بن أنس :من كظم غيظًا، وهو يقدِرُ على أن يُنْفِذَهُ دعاه اللهُ على رؤوسِ الخلائِقِ حتى يُخَيِّرَه في أيِّ الحورِ شاءَ (ترمدي)

ആരെങ്കിലും കോപത്തെ അടക്കിവെച്ചാൽ (ശക്തിയുണ്ടായിരിക്കെ) അല്ലാഹു അവനെ സൃഷ്ടികളുടെ മുന്നിൽവെച്ച് ക്ഷണിക്കും. അവന് ഇഷ്ടമുള്ള സ്വർഗീയ സ്ത്രീയെ അവന് തിരഞ്ഞെടുക്കാം.

- **കോപം അടക്കുക വഴി മനസ്സിനും ശരീരത്തിനും കരുത്ത് ലഭിക്കുന്നു.**

عن أبي هريرة :ليسَ الشَّدِيدُ بالصُّرَعَةِ، إنَّما الشَّدِيدُ الذي يَمْلِكُ نَفْسَهُ عِنْدَ الغَضَبِ. (بخاري)

◆ **കോപത്തെ അടക്കാനുള്ള മാർഗം.**

1. **ഇസ്തിആദ.**

﴿وَإِمَّا يَنْزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِۖإِنَّهُ هُوَ السَّمِيعُ الْعَلِيمُ﴾ (فصلت: ٣٦)

2. **നിശബ്ദത പാലിക്കുക**

عن عبدالله بن عباس : وإذا غضِب أحدُكم فلْيسكُتْ (مسلم)

നിങ്ങളിൽ ആർക്കെങ്കിലും കോപം വന്നാൽ അവൻ മിണ്ടാതിരിക്കട്ടെ.

3. **കോപിക്കുന്ന അവസ്ഥയിൽ നിന്നും മാറുക.**

عن أبي ذر الغفاري :إذا غضِبَ أحدُكم وهُوَ قائمٌ فَلْيَجْلِسْ فإنْ ذهبَ عنْه الغيظُ وإلّا اضطجعَ (ابوداوود)

- നിൽക്കുകയാണെങ്കിൽ ഇരിക്കുക.
- വിട്ടുവീഴ്ച്ചയുടെ മഹത്വം അറിയുക.

**ഉമർ ബ്നുൽ ഖത്ത്വാബ് (റ) പറയുന്നു,**

إنّ أَفْضَلَ عَيْشٍ أَدْرَكْنَاهُ بِالصَّبْرِ، وَلَوْ أَنَّ الصَّبْرَ كَانَ مِنَ الرِّجَالِ كَانَ كَرِيمًا

നാം കണ്ടതിൽ വെച്ചേറ്റവും ശ്രേഷ്ഠമായ ജീവിതം ക്ഷമയുള്ള ജീവിതമാണ് , ആളുകളിൽ ക്ഷമയുണ്ടായിരുന്നെങ്കിൽ അവർ മാന്യരാകുമായിരുന്നു"

**അലിയ്യ് ബ്നു അബീത്വാലിബ് (റ) പറഞ്ഞു**

أَلَا إِنَّ الصَّبْرَ مِنَ الإِيمَانِ بِمَنزِلَةِ الرَّأْسِ مِنَ الجَسَدِ، فَإِذَا قُطِعَ الرَّأْسُ بَادَ الجَسَدُ، ثُمَّ رَفَعَ صَوْتَهُ فَقَالَ

"അറിയുക, നിശ്ചയം ക്ഷമ ഈമാനിനെ സംബന്ധിച്ചിടത്തോളം ശരീരത്തിൽ തലക്കുള്ള സ്ഥാനമാണ്, തല ഛേദിക്കപ്പെട്ടാൽ ശരീരം നശിക്കും, പിന്നെ അദ്ദേഹം ശബ്ദമുയർത്തി ഇങ്ങനെ പറഞ്ഞു

أَلَا إِنَّهُ لَا إِيمَانَ لِمَنْ لَا صَبْرَ لَهُ

"അറിയുക, നിശ്ചയം ക്ഷമയില്ലാത്തവർക്ക് ഈമാനില്ല ,"

ഉമർ (റ) പറഞ്ഞു;

قال أمير المؤمنين علي عليه السلام: " إِيَّاكَ وَ الْغَضَبَ فَإِنَّ أَوَّلَهُ جُنُونٌ وَ آخِرَهُ نَدَمٌ

നീ കോപത്തെ സൂക്ഷിക്കുക, തീർച്ചയായും അതിന്റെ തുടക്കം ഭ്രാന്തും ഒടുക്കം ഖേദവുമാണ്.

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.